ഉത്തരം

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കായി 2014-15 സാമ്പത്തിക വർഷം പോലീസ് നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആറ് കോടി (6,00,00,000) രൂപ അനുവദിച്ചുനൽകുകയും അതിൽ അഞ്ച് കോടി എൺപത്തി ഒൻപത് ലക്ഷത്തി എൺപത്തൊന്നായിരത്തി നാനൂറ്റി എൺപത്തേഴ് രൂപ (5,89,81,487) പദ്ധതി നടത്തിപ്പിനായി ചെലവഴിക്കുകയും ചെയ്തു.

(ബി) പോലീസ് വകുപ്പിൽ സർക്കാരിന്റെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി പോലീസ് നവീകരണ പദ്ധതിയിനത്തിലാണ് ഫണ്ട് അനുവദിക്കുന്നത്. പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ കഴിഞ്ഞ (2014-15) സാമ്പത്തിക വർഷത്തിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി പ്രവർത്തനങ്ങൾക്കായി ഇരുപത്തിയഞ്ച് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി അഞ്ഞൂറ്റി എഴുപത്തിമൂന്ന് രൂപ (25,92,573) അനുവദിച്ചുനൽകിയിട്ടുണ്ട്.

കടപ്പത്രങ്ങൾ

89 (1915) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനായി എത്ര തവണ കടപ്പത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഏതെല്ലാം വികസന പദ്ധതികൾക്ക് വേണ്ടിയാണ് കടപ്പത്രങ്ങൾ പുറപ്പെടുവിച്ചത് ; ഓരോ പദ്ധതിക്കുമായി കടപ്പത്രങ്ങൾ മുഖേന എത്രയുക സമാഹരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(സി) ഓരോ വികസന പദ്ധതിക്കുമായി ഇതിനോടകം എത്രയുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-11-2015 വരെ വികസന പദ്ധതികൾക്ക് പണം കണ്ടെത്താനായി 64 തവണകളിലായി 56913 കോടി രൂപ കടപ്പത്രങ്ങൾ വഴി സമാഹരിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്തിന്റെ പൊതുവായ വികസന ആവശ്യങ്ങൾക്കുവേണ്ടിയാണ് സാധാരണയായി കടപ്പത്രങ്ങൾ പുറപ്പെടുവിക്കാറുള്ളത്. ഏതെങ്കിലും ഒരു പ്രത്യേക പദ്ധതിക്ക് മാത്രമായി ഈ സർക്കാരിന്റെ കാലത്ത് കടപ്പത്രം പുറപ്പെടുവിച്ചിട്ടില്ല.

GPM. 2/240/2020-21

LIBRARY ARCHIVES Kerala Legislative Assembly